# വെൽഫെയർ സെന്റർ




വൈക്കം ടൗണിന്റെ ഹൃദയഭാഗത്ത് വൈക്കം പടിഞ്ഞാറേനടയിൽ, വൈക്കം പോലീസ് സ്റ്റേഷന്റെ നേരെ എതിർവശത്ത്, വൈക്കം ടൗണിന്റെ ആത്മീയ ശക്തിയായി പരിലസിക്കുന്ന കൊച്ചു ദേവാലയമാണ് ക്രിസ്തു രാജ പള്ളി. നടേൽ ഇടവകാതിർത്തിയിൽ, നടേൽ പള്ളിയുടെ കുരിശുപള്ളിയായി, ഇടവകജനങ്ങൾ, വെൽഫെയർ സെന്ററിലെ ഗുണഭോക്താക്കൾ, വൈക്കം ഫൊറോനയുടെ അതിർത്തിയിൽ വരുന്ന കത്തോലിക്കർ, തവണക്കടവിൽ നിന്നും ബോട്ടുമാർഗ്ഗം കടന്നു വരുന്ന വിശ്വാസികൾ എന്നിവരുടെ അടിസ്ഥാന ആത്മീയ ആവശ്യമായ ഞായറാഴ്ച കുർബ്ബാന അർപ്പിക്കുവാൻ ഏറ്റവും സൗകര്യപ്രദമായ ഒരു ശുശ്രൂഷാകേന്ദ്രമായി ക്രിസ്തുരാജപള്ളി സ്ഥിതിചെയ്യുന്നു. 1959ൽ, അതിസാഹസികമായ ഒരു ചുവട് വയ്പിന് അന്നത്തെ നടേൽ പള്ളി വികാരി റവ. ഫാ. ജെയ്ക്കബ് ഏറണാട്ടച്ചൻ മുൻകൈ എടുത്തത് ദൈവപരിപാലനയുടെ ഭാഗമാണെന്നു ക്രിസ്തുരാജ പള്ളിയും വെൽഫെയർ സെന്ററും കാണുന്ന ആരും പറയും.

ക്രിസ്തുരാജ പള്ളിയും വെൽഫെയർ സെന്ററും ഉണ്ടാകുന്നതിന് വളരെ വർഷങ്ങൾക്ക് മുമ്പ് നിലനിന്നിരുന്ന അതിരൂപതാ സ്ഥാപനമാണ് ആർച്ച് ബിഷപ്പ് ബിൽഡിംഗ്. വൈക്കത്തെ പ്രധാനപ്പെട്ട കുടുംബങ്ങളിൽ ഒന്നായ വേക്കൽ കുടുംബത്തിന്റേതായിരുന്നു ടൗണിലെ കുറേയധികം സ്ഥലങ്ങൾ. അവർക്ക് സാമ്പത്തിക ക്ഷീണം വന്നപ്പോഴാണ്, നടേൽ പള്ളിയുടെ വികാരിയുമായി ബന്ധപ്പെട്ട്, അന്നത്തെ അതിരൂപത പ്രൊക്കുറേറ്ററായിരുന്ന പാറയ്ക്കൽ ആന്റണി അച്ചൻ അതിരൂപതയ്ക്കുവേണ്ടി സ്ഥലം വാങ്ങിച്ച് അവിടെ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണികഴിച്ചത്. 1941- 43 കാലഘട്ടങ്ങളിലെ വികാരിയായിരുന്ന ഡൊമനിക് കോയിക്കര അച്ചന്റെ കാലത്താണ് കോംപ്ലക്സ് പണികഴിച്ചതായി അറിയപ്പെടുന്നത്. അതിന്റെ പണികൾക്കെല്ലാം സമ്പൂർണ്ണ മേൽനോട്ടം വഹിച്ചത് അന്നത്തെ നടേൽ പള്ളി കൈക്കാരനും പി.ഡബ്ലു.ഡി കോൺട്രാക്ടറുമായ ശ്രീ. കുരുവിള ജോസഫ് പേരയിലായിരുന്നു (എല്ലാവരുടേയും കുഞ്ഞേട്ടൻ). ആർച്ച് ബിഷപ്പ് ബിൽഡിംഗിന് പ്രശസ്തി ലഭിച്ചത് എൽ.ഐ.സി ഓഫീസും പാലാ സെൻട്രൽ ബാങ്കും, തുടർന്ന് ഫെഡറൽ ബാങ്കും ഒക്കെ അവിടെ പ്രവർത്തിച്ചപ്പോഴാണ്. ആർച്ച് ബിഷപ്പ് ബിൽഡിങ്ങിന്റെ കാര്യങ്ങൾക്കു പ്രാദേശിക നോട്ടം വഹിച്ചിരുന്നതും മെയ്ന്റനൻസ് നടത്തിപ്പോന്നതും നടേൽ പള്ളി വികാരിമാരായിരുന്നു. കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ആർച്ച് ബിഷപ്പ് ബിൽഡിംഗിന്റെ വരുമാനങ്ങൾ നടേൽ പള്ളി വികാരിയുടെ പേരിലുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടിലാണ് അടച്ചിരുന്നത്. അതിരൂപത സ്ഥാപനമായ വെൽഫെയർ സെന്ററിന്റെ ആവശ്യങ്ങൾക്കും അധികാരികളുടെ അനുവാദത്തോടെ, പ്രസ്തുത വരുമാന തുകകൾ ഉപയോഗിച്ചിരുന്നു. ബഹു. ബൈജു വടക്കുംചേരിയച്ചനാണ് ആർച്ച് ബിഷപ്പ് ബിൽഡിംഗിനെ നവീകരിച്ച്, ഇന്നത്തെ മുഖം നല്കിയത്.

ക്രിസ്തുരാജ പള്ളിയും വെൽഫെയർ സെന്ററും സ്ഥിതിചെയ്യുന്ന സ്ഥലം വെച്ചൂർ പള്ളിയുടേതായിരുന്നു. രണ്ടു മൂന്നു കുടികിടപ്പുകാരുടെ കൈവശമായിരുന്നു ഈ വസ്തു. അയൽപക്കക്കാരും കുടികിടപ്പുകാരും മറ്റുമായി വെച്ചൂർ പള്ളിക്കാര്യത്തിൽ നിന്നു ദീർഘകാലമായി കേസു നടന്നിരുന്നു. 1958-ൽ നടേൽ പള്ളിയിൽ വികാരിയായ വന്ന ഫാ. ജേക്കബ് ഏറണാട്ടിന്റെ ശ്രദ്ധ ഈ സ്ഥലത്ത് പതിഞ്ഞു. അനാകർഷകമായിക്കിടന്ന ആ സ്ഥലത്ത് ഒരു പള്ളിയും ഒരു ക്ഷേമകേന്ദ്രവും അദ്ദേഹം ഭാവനയിൽ ദർശിച്ചു. ആർച്ചുബിഷപ്പ് ഡോ: ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെയും വികാരി ജനറാൾ മോൺ. ജോർജ്ജ് വല്യാറമ്പത്തിനെയും വിവരം ധരിപ്പിച്ചു. പക്ഷേ പ്രശ്നങ്ങൾ തലയുയർത്തി. കുടികളെ ഒഴിപ്പിക്കുക, അയൽപക്കത്തെ ഒരു പ്രബല വ്യക്തിയുമായുള്ള കേസ് അവസാനിപ്പിക്കുക, സർവ്വോപരി വെച്ചൂർ പള്ളിക്കാര്യത്തിൽ നിന്നു വസ്തു വിട്ടുകിട്ടുക. വൈക്കം പ്രദേശത്തുള്ള എല്ലാ കത്തോലിക്കരുടെയും ചിരകാലാഭിലാഷം സാധിതമാകുവാൻ അധികകാലം വേണ്ടിവന്നില്ല. ഭാഗ്യസ്മരണാർഹനായ ഫാ. ജോൺ പുത്തൻകരി വെച്ചൂർ പള്ളി വികാരിയായിരുന്നു അക്കാലത്ത്. അദ്ദേഹം പറഞ്ഞു "ഞാൻ വസ്തു എഴുതി അരമനയ്ക്കു കൊടുക്കാം; ഇടവകക്കാരെ സമ്മതിപ്പിക്കണം'. നടേൽ പള്ളി വികാരി ആ കാര്യമേറ്റു. വെച്ചൂർ പള്ളിയിലെ കൈക്കാരന്മാരും മറ്റു ചില യോഗക്കാരും സമ്മതം മൂളി. ഇരുഭാഗത്തു നിന്നും കേസുകൾ പിൻവലിക്കപ്പെട്ടു. നടേൽ പള്ളി വികാരി പല ബുദ്ധിമുട്ടുകൾക്കും ശേഷം കുടികൾ ഒഴിപ്പിച്ച് വസ്തു അരമനയ്ക്കു കൈമാറ്റം ചെയ്തു.

1959 ലെ വിമോചന സമരകാലം, അന്ന് വൈക്കം പ്രദേശത്തെ കത്തോലിക്കർക്കും വലതുപക്ഷ രാഷ്ട്രീയക്കാർക്കും സമ്മേളിക്കുവാനും കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ മുട്ടുകുത്തിക്കുവാനുള്ള ജനാധിപത്യ വിശ്വാസികളുടെ യത്നങ്ങൾക്കു കഴിവുള്ള സഹായം ചെയ്യാനുമായി വസ്തുവിലെ വൃക്ഷങ്ങളെല്ലാം ഒറ്റ ദിവസംകൊണ്ടു വെട്ടിമാറ്റി സ്ഥലം അതിമനോഹരമായ മൈതാനമാക്കി.

അതേതുടർന്ന്, ആ സ്ഥലത്ത് 'യൂ' ഷേപ്പിലുള്ള ഒരു കെട്ടിടം പണിയപ്പെട്ടു. ആ പണിയുടെ മേൽനോട്ടക്കാരനായി നിന്നത് അന്നത്തെ നടേൽപള്ളി കൈക്കാരന്മാരായിരുന്ന വളവത്ത് പിള്ളച്ചേട്ടനും പേരയിൽ കുഞ്ഞേട്ടനുമായിരുന്നു. കെട്ടിടത്തിന്റെ പടിഞ്ഞാറെ വിങ്ങ് പള്ളിയും മറ്റു വിങ്ങുകളിൽ ഐ.ടി.ഐ., തയ്യൽപരിശീലനം, ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, ലെറ്റർ പ്രസ്, വെൽഡിങ്ങ് വർക്ക്ഷോപ്പ് എന്നീ പ്രസ്ഥാനങ്ങളും ഒന്നിനു പുറകെ ഒന്നായി തുടക്കം കുറിച്ചു. പള്ളി, പള്ളിക്കൂടം, പണിശാല എന്ന സഭാ കാഴ്ചപ്പാട് അങ്ങനെ സാക്ഷാത്ക്കരിക്കപ്പെടുകയായിരുന്നു. ആദ്യകാലങ്ങളിൽ ഐ.ടി.ഐ.യിൽ വെൽഡിങ്ങ്, ഇലക്ട്രീഷ്യൻ, ഫിറ്റർ, സ്റ്റെനോഗ്രഫി എന്നീ കോഴ്സുകളിലുള്ള പഠനങ്ങളാണ് നടന്നിരുന്നത്.ഏറണാട്ടച്ചനുശേഷം വന്ന വികാരിയായ റവ. ഫാ. ജോർജ്ജ് കോട്ടയ്ക്കലും ക്രിസ്തുരാജ പള്ളിയുടേയും വെൽഫെയർ സെന്ററിന്റേയും പണികൾ പൂർത്തീകരിച്ച്, വൈക്കം ടൗണിലെ ക്രൈസ്തവ സാന്നിധ്യത്തിന്റെ വലിയ പ്രകാശനമായി രൂപപ്പെടുത്തുകയുണ്ടായി. അച്ചന്റ കാലത്ത് ആരംഭിച്ച ലെറ്റർ പ്രസാണ് ഇന്ന് വൈക്കത്തെ ഏറ്റവും പ്രശസ്തമായ വെൽഫെയർ ഓഫ്സെറ്റ് പ്രിന്റിംങ്ങ് യൂണിറ്റായി വളർന്നു പ്രവർത്തിക്കുന്നത്. അക്കാലഘട്ടങ്ങളിൽ നടേൽ പള്ളിയുടെ മതബോധന ക്ലാസ്സുകൾ നടന്നിരുന്നത് ക്രിസ്തുരാജപള്ളിയിലും വെൽഫെയർ സെന്ററിലും ആയിരുന്നു. സ്ഥാപനം പണിതുയർത്തുന്നതിന്റെ സകല ചെലവുകളും അതിരൂപതയിൽ നിന്നും നടത്തിപ്പുകാര്യങ്ങളെല്ലാം നടേൽ പള്ളിയിൽ നിന്നുമാണ് നിർവ്വഹിച്ചിരുന്നത്.

പിൽക്കാലങ്ങളിൽ നടേൽ പള്ളി വികാരിമാരായി വന്ന എല്ലാ വൈദികരും ഇടവക ജനങ്ങളുടെ സഹകരണത്തോടും അദ്ധ്വാനത്തോടുംകൂടെ, ടൗണിലുള്ള ഈ ദേവാലയത്തേയും സ്ഥാപനത്തെയും ഓരോപടി ഉയർത്തിക്കൊണ്ടുവന്നു. ഫാ. ആന്റണി ചാത്തപ്പറമ്പിൽ, ഫാ. പോൾ കല്ലൂക്കാരൻ, ഫാ. തോമസ് പുതുശ്ശേരി, ഫാ. ജോസ് പള്ളിപ്പാടൻ, ഫാ. ജോസ് പോൾ നെല്ലിശ്ശേരി, ഫാ. തോമസ് പയ്യപ്പള്ളി, ഫാ. ജേക്കബ് കരിയാറ്റിൽ, ഫാ. സേവ്യർ കരീത്തറ എന്നീ ഡയറക്ടർമാരുടെ കാലങ്ങൾക്കു ശേഷം വന്ന ഫാ. തോമസ് മേനാച്ചേരിയാണ് ഇന്നത്തെ ക്രിസ്തുരാജ പള്ളിയും വെൽഫെയർ സെന്റർ കെട്ടിടവും അതിരൂപതയിൽ നിന്നും ലഭിച്ച ധനം കൊണ്ട് പണി കഴിപ്പിച്ചത്. ആയതിലേക്കായി ബഹു. മേനാച്ചേരി അച്ചൻ പന്തല്ലൂർ മഠത്തിൽ വിശ്വേശര നായിക്കിൽ നിന്നും നാലുസെന്റ് സ്ഥലം കൂടി വാങ്ങിക്കുകയുണ്ടായി.

1994ൽ ബിഷപ്പ് ജെയ്ക്കബ് മനത്തോടത്താണ് ഇപ്പോൾ നിലവിൽ കാണുന്ന കെട്ടിടത്തിന്റെ അടിസ്ഥാന ശില ഇടൽ കർമ്മം നിർവ്വഹിച്ചത്. മൂന്നു വർഷക്കാലത്തെ അദ്ധ്വാനം പരിസമാപ്തി കുറിച്ചത് 1997 ഡിസംബർ 17 നാണ് അന്ന്, അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന മാർ വർക്കി വിതയത്തിൽ പിതാവ് ക്രിസ്തുരാജ പള്ളിയുടെ കൂദാശകർമ്മം നിർവ്വഹിക്കുകയും വെൽഫെയർ സെന്ററിന്റെ വെഞ്ചരിപ്പുകർമ്മം നടത്തുകയുമുണ്ടായി. കർദ്ദിനാൾ ആന്റണി പടിയറ തിരുമേനി തന്റെ സാന്നിധ്യംകൊണ്ടു ദേവാലയ പ്രതിഷ്ഠാകർമ്മത്തിന് അനുഗ്രഹം നേരുകയും പൊതുസമ്മേളനത്തിൽ ഭദ്രദീപം തെളിച്ചുകൊണ്ടു ഉദ്ഘാടനം ചെയ്യുകയും ചെയ്തുകൊണ്ടു കാര്യക്രമങ്ങളെ മഹത്വരമാക്കി. അന്നത്തെ വികാരി ജനറാളും, പിൽക്കാലത്തെ സഹായമെത്രാനുമായ തോമസ് ചക്യത്തച്ചനും ചടങ്ങുകളിൽ സന്നിഹിതനായിരുന്നു.

സ്ഥാപനത്തിന്റെ ആരംഭകാലം മുതൽ മാനേജർ സ്ഥാനത്ത് സേവനം ചെയ്ത വ്യക്തിയാണ് നടേൽ ഇടവകാംഗമായ ശ്രീ. വി.ജെ. ജോൺ വളവത്ത്. നാട്ടുകാരുടെ പ്രിയങ്കരനായ കുട്ടപ്പൻചേട്ടൻ. തന്റെ ആരോഗ്യം അനുവദിച്ച കാലംവരെ (2004 ഓഗസ്റ്റ് വരെ) അദ്ദേഹം സ്ഥാപനത്തിനുവേണ്ടി യത്നിച്ചു. ഡയറക്ടർ ബോർഡ് മെമ്പർ എന്ന നിലയിൽ സ്ഥാപനത്തിന്റെ പണികളിലും മറ്റു പുരോഗമന പ്രവർത്തനങ്ങളിലും ഒപ്പംനിന്ന വ്യക്തിയാണ് ശ്രീ. കെ.ടി. ജോർജ്ജ് കൂട്ടിപ്പറമ്പിൽ. 1995 മുതൽ, നടേൽ ഇടവകാംഗം ഇന്നത്തെ മാനേജരായ ശ്രീ. ജോൺസൺ മാളിയേക്കൽ ഐ.ടി.ഐ. ഇൻസ്ട്രക്റ്ററായി സേവനം തുടങ്ങി. അക്കാലങ്ങളിൽ ക്രിസ്തുരാജ പള്ളിയിലെ കപ്യാർ ശുശ്രൂഷ ചെയ്തിരുന്നത് നടേൽ പള്ളിയുടെ കപ്യാർ ആയ ശ്രീ. തോമസ് ചെറിയാൻ കളത്തിപ്പറമ്പിലായിരുന്നു. അദ്ദേഹത്തെ ആ ശുശ്രൂഷകളിൽ സഹായിച്ചുപോന്ന ജോൺസൺ ആണ് പിൽക്കാലങ്ങളിൽ ക്രിസ്തുരാജ ദേവാലയത്തിന്റെ കപ്യാർ സ്ഥാനം ഏറ്റെടുത്തത്. ആദ്യ കാലങ്ങളിൽ ഞായറാഴ്ചകളിൽ വൈകുന്നേരം 4.30 നും മാസാദ്യ വെള്ളിയാഴ്ചകളിൽ 5.30 നും മാത്രമാണ് ക്രിസ്തുരാജ പള്ളിയിൽ കുർബാന ഉണ്ടായിരുന്നത്.

ബഹു. തോമസ് പാറേക്കാട്ടിലച്ചൻ ഡയറക്ടറായി സേവനം ചെയ്യുമ്പോഴാണ്, ലെറ്റർ പ്രസിന്റെ സ്ഥാനത്ത് ഒഫ്സെറ്റ് പ്രിന്റിങ്ങ് മെഷീൻ, കട്ടിങ്ങ് മെഷീൻ, പ്ലെയ്റ്റ് മെയ്ക്കിങ്ങ് മെഷീൻ മുതലായവ വാങ്ങിച്ച് പ്രസ് സജീവമാക്കിയത്. അച്ചന്റെ കാലത്തുതന്നെയാണ് 2000-ാം ആണ്ടിൽ ഇന്നത്തെ വെൽഫെയർ കോളേജ്, വെൽഫെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലസ് ടു ആന്റ്

ബി.കോം. എന്ന പേരിൽ വനജ ടീച്ചർ, മിനി ടീച്ചർ എന്നിവർ അദ്ധ്യാപകരായി ആരംഭിച്ചത്. അച്ചൻ തന്നെയാണ് കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിനും തുടക്കം കുറിച്ചത്. നവീന പ്രസ്ഥാനങ്ങൾ വളർന്നുവന്നതോടെ ആദ്യകാല ഐ.ടി.സി, വെൽഡിംഗ് വർക്ക്ഷോപ്പ് ഇവ സാവകാശം വഴിമാറിക്കൊടുക്കാൻ തുടങ്ങി. ഇന്നത്തെ രീതിയിലുള്ള വലിയ കംപ്യൂട്ടർ ലാബും അനുബന്ധ സൗകര്യങ്ങളും ബഹു. സെബാസ്റ്റ്യൻ ഊരക്കാടൻ അച്ചന്റെ കാലത്ത് സജ്ജീകരിച്ചു. 2004ൽ ബഹു. സെബാസ്റ്റ്യൻ ഊരക്കാടനച്ചന്റെ കാലഘട്ടത്തിൽ ഐ.ടി.സി. നിറുത്തലാക്കാൻ തീരുമാനിച്ചു. അക്കാലത്തുള്ളവരുടെ പഠനം പൂർത്തിയായപ്പോൾ ഐ.ടി.സി. നിറുത്തലാക്കുകയും ചെയ്തു.

ബഹു. ഫ്രാൻസീസ് അരീക്കലച്ചൻ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ മുൻനിർത്തി സ്ഥാപനത്തിന് ഒരു പുതിയ മുഖം നൽകി. ഓഫീസ് കംപ്യൂട്ടറൈസ്ഡ് ആക്കി. ഫ്രാൻസീസ് അച്ചന്റെ കാലത്താണ് വെൽഫെയർ പ്രസ്ഥാനങ്ങളെ വ്യത്യസ്ത യൂണിറ്റുകളായി തിരിച്ച്, ഓരോ യൂണിറ്റുകളും സ്വതന്ത്രയൂണിറ്റുകളായി പ്രവർത്തിക്കുന്ന സംവിധാനം ആരംഭിച്ചത്. വെൽഫെയർ സെന്റർ മദർ യൂണിറ്റ്. അതിൽ വിവിധ പ്രസ്ഥാനങ്ങളായി ഓഫ്സെറ്റ് പ്രസ്, കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട്, വെൽഫെയർ കോളേജ് ഇവ പ്രവർത്തിക്കുന്നു. ഓരോ യൂണിറ്റും അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാനും ഓരോ യൂണിറ്റും നേട്ടത്തിലാണോ കോട്ടത്തിലാണോ നടക്കുന്നതെന്ന് വിലയിരുത്തി മുന്നോട്ട് കൊണ്ടുപോകുവാനും ഭാവി പദ്ധതികൾ ഫലപ്രദമായി ആസൂത്രണം ചെയ്യുവാനും ഈ സംവിധാനം സഹായകമായി.

ക്രിസ്തുരാജപള്ളി, പള്ളികളുടെ സാധാരാണ സംവിധാനത്തിനൊത്തവിധം ആദ്യകാലം മുതലേ പ്രത്യേക വരവുചെലവുകൾ സൂക്ഷിച്ചുപോകുന്നു. പള്ളിയുടെ വൈദ്യുതി ബില്ലുകൾ, കപ്യാരുടെ അലവൻസ്, തിരുക്കർമ്മങ്ങൾക്ക് ആവശ്യമായ ചെലവുകൾ തുടങ്ങിയവയെല്ലാം പള്ളിതന്നെയാണ് വഹിച്ചുപോന്നിരുന്നത്. നടേൽ പള്ളിയുടെ കുരിശുപള്ളിയെന്ന നിലയിൽ നടേൽ പള്ളി വികാരിയ്ക്ക് ക്രിസ്തുരാജ വൈക്കം ടൗൺ പള്ളിയുടെ പ്രോ- വികാരി എന്ന നിയോഗവും ഉണ്ടായിരുന്നു.

ഫ്രാൻസീസ് അരീക്കലച്ചൻ കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ അംഗീകൃത കോഴ്സുകൾ ആരംഭിച്ചു. ഇന്നത്തെ പയസ് ആർട്ടിക്കിൾ സ്റ്റോറിന് തുടക്കം കുറിച്ചും അനുഗ്രഹ കൗൺസിലിംങ്ങ് സെന്റർ ആരംഭിച്ചും സെന്ററിനെ വളർച്ചയിലേക്കുനയിച്ചു.

നടേൽ പള്ളിയിൽ ഇടവക ജനങ്ങൾ കൂടുകയും ലിസ്യൂ ഇംഗ്ലീഷ് സ്കൂൾ വളർച്ച പ്രാപിക്കുകയും ചെയ്തപ്പോൾ വികാരിമാരായ അച്ചന്മാർക്ക് വെൽഫെയർ സെന്ററിന്റെ നടത്തിപ്പുകളിൽ സഹായിക്കാനായി അയൽപള്ളികളിലെ അച്ചന്മാരെ സഹായികളായും അസി. ഡയറക്ടർമാരായും അതിരൂപത അധികാരികൾ നിയോഗിക്കുകയുണ്ടായി. ആദ്യകാലങ്ങളിൽ അച്ചിനകം പള്ളിയിൽ നിന്നും പിന്നീട് ടി.വി.പുരം പള്ളിയിൽ നിന്നുമുള്ള വൈദികരാണ് അസി. ഡയറക്ടർമാരുടെ സ്ഥാനത്ത് സഹായികളായി എത്തിയത്. ഫാ. ജോസഫ് തെക്കിനേയൻ, ഫാ. ജോർജ്ജ് കാച്ചപ്പിള്ളി, ഫാ.സെബാസ്റ്റ്യൻ ഊരക്കാടൻ, ഫാ. ജോസ് ചാതേലി, ഫാ. ജോൺ വട്ടത്തറ, ഫാ. ആലുക്കൽ വർഗ്ഗീസ്, ഫാ. ബൈജു വടക്കുംചേരി എന്നിവർ സഹ. ഡയറക്ടർമാരായി സേവനം ചെയ്ത് വെൽഫെയർ സെന്ററിന് ഉയർച്ചയും വളർച്ചയും നല്കുന്നതിൽ ഡയറക്ടറച്ചന്മാർക്കു കരുത്തുനൽകി.

വെൽഫെയർ സെന്റർ അതിരൂപതയുടെ ഒരു പാസ്റ്ററൽ സെന്ററായി കൂടി സാവകാശം വളർന്നുവന്നു. അതിന്റെ ഫലമായി വൈക്കം പ്രദേശത്തെ കേന്ദ്രീകരിച്ചുള്ള അതിരൂപതാ പ്രോഗ്രാമുകളും ഫൊറോനാതല പ്രോഗ്രാമുകളും വെൽഫെയർ സെന്ററിൽ നടത്താൻ തുടങ്ങി. ദുഃഖവെള്ളിയാഴ്ചകളിൽ സമീപ പ്രദേശത്തുള്ള പള്ളികളിൽനിന്നുള്ള പരിഹാര പ്രദക്ഷിണങ്ങൾ സെന്ററിൽ സമ്മേളിച്ചു സന്ദേശം സ്വീകരിക്കുന്ന പതിവ് തുടർന്ന് വരുന്നു. കൂടാതെ, ക്രിസ്തുമസിനോടനുബന്ധിച്ച് സി.എൽ.സി. ഫൊറോന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കലാസാഹിത്യ മത്സരങ്ങൾ ഗംഭീരമായി നടത്തിയിരുന്നു. ബഹു. ഫ്രാൻസിസ് അരീയ്ക്കലച്ചന്റെ കാലത്താണ് ക്രിസ്മസിനോടനുബന്ധിച്ച് കരോൾഗാന മത്സരവും ബൈബിൾ ക്വിസ് മത്സരവും ആരംഭിച്ചത്. 2013ൽ അതിരൂപത വിശ്വാസവർഷം ആചരിച്ചപ്പോൾ, അതിന്റെ ഫൊറോനതല സമാപന പരിപാടികൾ നടേൽ പള്ളിയിൽ നിന്ന് ആരംഭിച്ച് വെൽഫെയർ സെന്ററിലാണ് സമാപിച്ചത്. പതിനായിരത്തിലധികം വിശ്വാസികളാണ് അന്നത്തെ റാലിയിൽ പങ്കെടുത്തത്. 2014 മുതൽ ഒക്ടോബർ മാസത്തിലെ ജപമാല ഭക്തിയാചരണത്തിന്റെ ഫൊറോനതല സമാപനം വെൽഫെയർ സെന്റർ കേന്ദ്രമാക്കി നടത്തുന്ന പതിവ് ആരംഭിച്ചു. ഒരുകാലത്ത് വെൽഫെയർ സെന്ററിൽ അതിരൂപതാ സ്ഥാപനമായ പി.ഡി.ഡി.പി.യുടെ ഒരു ശാഖ പ്രവർത്തിച്ചിരുന്നു. അതുപോലെ, അതിരൂപതയിൽ നിന്നും അതിരൂപതാ സോഷ്യൽ സർവ്വീസസിൽ നിന്നും ലഭ്യമാകുന്നതുമായ സഹായങ്ങൾ എത്തിക്കുന്നതിന് ആഴ്ചയിൽ ഒരിക്കൽ സോഷ്യൽ സർവ്വീസസിന്റെ പ്രവർത്തനങ്ങൾ ഇവിടെ ആരംഭിച്ചു. പിന്നീട്, ബഹു. പോൾ മൂഞ്ഞേലി അച്ചൻ അതിരൂപതാ സോഷ്യൽ സർവ്വീസസിന്റെ ഡയറക്ടറായിരിക്കുമ്പോൾ അതിനെ ഒരു റീജിയണൽ ഓഫീസാക്കി പരിണാമപ്പെടുത്തി.

അതിരൂപതാ ദിവ്യകാരുണ്യ വർഷം പ്രഖ്യാപിച്ചപ്പോൾ അന്നത്തെ വികാരി ബഹു. ഊരക്കാടനച്ചൻ എല്ലാ വെള്ളി

യാഴ്ചകളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ ആരാധനയും പ്രാർത്ഥനകളും നടത്തിപോന്നു. രണ്ടു വർഷക്കാലം മാത്രമേ അത് തുടർന്നുള്ളൂ. ക്രിസ്തുരാജ പള്ളിയുടെ നാമത്തിന് കാരണക്കാരനായ ക്രിസ്തുരാജത്വത്തിരുനാൾ ആഘോഷമായി നടത്താൻ തുടങ്ങിയത് 2006 ലാണ്. എല്ലാവർഷവും 10 ദിവസത്തെ ജപമാല ഭക്തി ആചരണവും ആഘോഷമായി നടത്താറുണ്ട്. ബഹു. ഫ്രാൻസീസ് അരീയ്ക്കലച്ചനാണ് ക്രിസ്തുരാജ പള്ളിയിൽ ഞായറാഴ്ച കൂടാതെ എല്ലാ വെള്ളിയാഴ്ചകളിൽ കുർബാനയും ആരാധനയും തുടർന്ന് വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി പ്രഖ്യാപനത്തോടെ ബുധനാഴ്ചകളിൽ കുർബ്ബാനയും നൊവേനയും നടത്തി തുടങ്ങിയത്.

2010 ജനുവരിയിൽ വെൽഫെയർ സെന്ററിന്റെ ഒരു വർഷം നീളുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് ബഹു. ഫ്രാൻസീസ് അരീക്കലച്ചന്റേയും ബഹു. വർഗ്ഗീസ് ആലുക്കലച്ചന്റേയും നേതൃത്വത്തിൽ തുടക്കം കുറിച്ചു. 2010 ഫെബ്രുവരിയിലാണ് വർഗ്ഗീസ് മണവാളനച്ചൻ വെൽഫെയർ സെന്ററിന്റെ ഡയറക്ടറും ഫാ. ബൈജു വടക്കുംചേരി അസി. ഡയറക്ടറും ആയി ചാർജ്ജെടുത്തത്. പ്രിന്റിംഗ് മേഖലയിലെ സാധ്യതകൾ മനസിലാക്കി ഒരു ഡബിൾ കളർ ഫ്യൂജി പ്രിന്റിംഗ് മെഷീൻ 2011 ൽ വാങ്ങിച്ചു.'യൂ' ഷേപ്പിലുള്ള കെട്ടിടത്തെ ബന്ധിപ്പിച്ച് മുൻവശം ഹാളാക്കി. 2012 ആയപ്പോഴേക്കും വെൽഫെയർ കോളേജ് 650ൽ അധികം വിദ്യാർത്ഥികളുള്ള കലാലയമായി. നടേൽ പള്ളിയുടെ ലിസ്യൂ സ്കൂൾ 2000ത്തിൽ പരം വിദ്യാർത്ഥികളുള്ള വിദ്യാലയമായി. രണ്ടിടങ്ങളിലും ജോലിഭാരം വർദ്ധിച്ചു. വിവിധ തലങ്ങളിലുള്ള ചർച്ചകൾക്കുശേഷം വെൽഫെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് സ്വതന്ത്ര ഉത്തരവാദിത്വത്തോടെ ബഹു. ബൈജു വടക്കുംചേരി അച്ചനെ എക്സിക്യൂട്ടീവ് ഡയറക്ടറാക്കി ഉയർത്തി.

സെന്റർ എന്നോ പള്ളി എന്നോ യാതൊരു വ്യത്യാസവും കാണിക്കാതെ ഇടവകയുടെ സ്ഥാപനം പോലെ കണ്ട്, 1959 മുതൽ നടേൽ പള്ളിയുടെ അതാതു കാലത്തെ വികാരിയച്ചന്മാരും ജനങ്ങളും അതിരൂപതയിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായം കൊണ്ടും സ്ഥാപനത്തിൽ നിന്നും ഉണ്ടായ നേട്ടങ്ങൾ കൊണ്ടും, വെൽഫെയർ സെന്ററിനെ ഇന്നത്തെ വെൽഫെയർ സെന്ററാക്കി വളർത്താൻ നടത്തിയ അദ്ധ്വാനങ്ങളെ പൂർണ്ണമായും മാനിച്ചുകൊണ്ടുള്ള ധാരണകൾക്കു വിധേയമായ തീരുമാനങ്ങളാണ് അതിരൂപതാ അധികാരികൾ സ്വീകരിച്ചത്. പ്രസ്തുത ധാരണകളുടെ അടിസ്ഥാനത്തിൽ ബഹു. ബൈജു വടക്കുംചേരിയച്ചൻ 2012 സെപ്തംബർ 29 മുതൽ നടേൽ പള്ളിയിൽ താമസമാക്കി തന്റെ ചുമതലകൾ നിർവ്വഹിക്കാൻ തുടങ്ങി.

വെൽഫെയർ കോളേജിന്റെ കാര്യത്തിൽ ബൈജു അച്ചൻ പ്രത്യേക ശ്രദ്ധ നല്കി പ്രവർത്തിച്ചത്. കോളേജിൽ പുതുതായി ബി.എ. കോഴ്സ് ആരംഭിച്ചു. എം.കോം. ബാച്ചുകളിൽ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. ഞായറാഴ്ചകളിൽ സംഗീതം, സംഗീതോപകരണ ക്ലാസ്സുകളും വിദ്യാർത്ഥികൾക്കും ജോലിക്കാർക്കും സൗകര്യപ്രദമായി പഠിക്കുന്നതിനായി ബി.കോം, എം.കോം സൺഡേ ബാച്ചുകളും തുടങ്ങി. സെയ്ൽസ് ടാക്സ് പ്രാക്റ്റീഷണർ കോഴ്സ്, നാഷണൽ ചൈൽഡ് ഡെവൽപ്പ്മെന്റ് കൗൺസിലിനു കീഴിലുള്ള കോഴ്സുകളും സി.എ. കോച്ചിംങ്ങ് ക്ലാസ്സുകളും തുടങ്ങി കൂടാതെ പയസ് ആർട്ടിക്കിൾസിന്റെ സ്റ്റോർ അതിമനോഹരമാക്കുകയും അതിരൂപതയുടെ എറണാകുളത്തു വർത്തിക്കുന്ന മാർ ലൂയിസ് സ്ഥാപനത്തിന്റെ ശാഖയാക്കി മാറ്റുകയും ചെയ്തു. പഴയ മിനി ഓഫ്സെറ്റിന്റെ സ്ഥാനത്ത് പുതിയ റയോബി മിനി ഓഫ് സെറ്റ് വാങ്ങിച്ചു. 40കെ.വി.എ. ജനറേറ്ററും സി.സി.ടി.വി. ക്യാമറയും സജ്ജീകരിച്ചു. കൂടാതെ എക്സിക്യൂട്ടിവ് ഡയറക്ടർക്കായി പ്രത്യേകം മുറിയും ഓഫീസും വിദ്യാർത്ഥികൾക്കായി കൂടുതൽ ടോയ്‌ലറ്റ് സംവിധാനങ്ങളും സ്റ്റാഫിനായി കിച്ചണും ഡൈനിംങ്ങ് ഹാളും ഈ കാലഘട്ടത്തിൽ പണിയപ്പെട്ടു. അച്ചന്റെ പ്രത്യേക പരിശ്രമം മൂലമാണ് അതിരൂപത ഷോപ്പിംഗ് കോംപ്ലക്സിൽ അതിരൂപതാ സ്ഥാപനമായ സോഷ്യൽ ഫർണീച്ചർ ഷോറൂം ആരംഭിച്ചത്. ഒപ്പം വൈക്കം ദേശത്തിന്റെ വികസനത്തിന് ആക്കം കൂട്ടുവാൻ സഹായിക്കുന്ന ചിന്താശിബിരങ്ങൾക്കു രൂപം നല്കാൻ ഫ്രണ്ട്സ് ഓഫ് വെൽഫെയർ (FOW) എന്ന വേദി ഒരുക്കി . വെൽഫെയർ സെന്റർ വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് സാധ്യതകൾ ഒരുക്കി വിവിധ കമ്പനികളുമായി നല്ല ബന്ധം പുലർത്തുന്നതിന് ബൈജു അച്ചൻ തുടക്കം ഇട്ടിരിക്കുന്നു.

വൈക്കത്തിന്റെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ കനത്ത സംഭാവനകളാണ് വെൽഫെയർ സെന്റർ നൽകിപോന്നത്. ആയിരക്കണക്കിനു കുടുംബങ്ങളുടെ ഐശ്വര്യപൂർണ്ണമായ മുന്നേറ്റത്തിന് സ്ഥാപനം കാരണമായി. ഒപ്പം വൈക്കത്തെ നാനാജാതി മതസ്ഥരുമായുള്ള സാമൂഹ്യ സാംസ്കാരിക വേദികളുമായും നല്ല ബന്ധം നിലനിർത്തി വൈക്കത്തെ പുരോഗതിയിലേക്കു നയിക്കുന്ന ചാലകശക്തിയായി വെൽഫെയർ സെന്റർ കുടികൊള്ളുമ്പോൾ വൈക്കം സിവിൽ അധികാരികളും വിവിധ പാർട്ടി നേതൃത്വവും തമ്മിൽ വെൽഫെയർ സെന്റർ നടത്തുന്ന ഇടപെടലുകൾ വൈക്കത്തിന്റെ വികസനപരവും പുരോഗമന പരവുമായ പ്രവർത്തനങ്ങൾക്കു ദിശാബോധം നല്കുന്നതിനും കാരണമാകുന്നു. അതിരൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ തെക്കൻ മേഖലയുടെ കേന്ദ്രമെന്ന നിലയിൽ വെൽഫെയർ സെന്റർ ഇന്ന് അനേകർക്കു യേശുവിന്റെ തിരുമുഖ സാന്നിധ്യമാണ്.